


g

# GHSS AROLI

# MAGAZINE

പ്രിയമുള്ളവരെ,

പൊതു വിദ്യാലയത്തിലെ ഐ ടി കൂട്ടായ്മയാണല്ലോ ലിറ്റിൽ കൈറ്റ്സ് .ഈ വിദ്യാലയത്തിലെ ലിറ്റിൽകൈറ്റ് എന്ന നിലയിൽ വിവര വിനിമയ സാങ്കേതിക വിദ്യയുടെ വിവിധ മേഖലകളിലൂടെ കടന്നുപോകാൻ കഴിഞ്ഞതിൽ ഏറെ സന്തോഷവും അഭിമാനവും തോന്നുന്നു. നമ്മുടെ ഒരു കൊച്ചു ശ്രമമായ ഈ മാസിക ലിറ്റിൽകൈറ്റുകളുടെ വിരൽത്തുമ്പിലൂടെ നിങ്ങൾക്ക് മുമ്പിൽ സമർപ്പിക്കുന്നു .

എഡിറ്റർ

ASHITHA P | ARYA | NIRANJANA K | GOPIKA P | MUHAMMED ASIF







BUSTHANA A | FATHIMATHUL FIDA | NOORA T P | ANAMIKA M | ADITHYA K







ADARSH V | MUHAMMED SAHIL PV | ANUGRAH A | RAJWAN A | THUFAIL







VYSHNAV K | KISHAN KUMAR K | ANJANA P | NOOTHANA SATHEESAN | ABHINA E







NIVEDITHA | FATHIMATHUL FIDA | NANDANA | ANJANA HARIPRASAD | HARISHCHAND









എൻ .പി .എഴിൽരാജ്
പ്രിൻസിപ്പാൾ

പ്രിയമുള്ള  കുട്ടികളെ,

അരോളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ളബ് ഇ മാഗസിൻ പുറത്തിറക്കുന്നത് അറിഞ്ഞതിൽ സന്തോഷമുണ്ട്.ഓരോ കുട്ടിയുടെയും കഴിവുകൾ വളർത്തിയെടുക്കാനും അവരുടെ സർഗപരമായ സൃഷ്ടികൾ പ്രകാശിപ്പിക്കുവാനുമുള്ള ഒരു ഇടമായി മാറട്ടെ എന്നാശംസിക്കുന്നു.അതോടൊപ്പം  പിന്നിൽ പ്രവർത്തിക്കുന്ന കുട്ടികളെയും അധ്യാപകരെയും അഭിനന്ദിക്കുകയും ചെയ്യുന്നു.

പ്രിൻസിപ്പാൾ
ജി എച്ച് എസ് എസ് അരോളി



സുജിത എ സി
ഹെഡ്മിസ്ട്രസ്

അരോളി ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഈ സർഗാത്മക സംരഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു .

സുജിത എ സി
ഹെഡ്മിസ്ട്രസ്



ടി അജയൻ

പി ടി എ പ്രസിഡന്റ്

അരോളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ളബ് പുറത്തിറക്കുന്ന ഇ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു .

ടി അജയൻ പി ടി എ പ്രസിഡന്റ്

ജി എച്ച് എസ് എസ് അരോളി



എം മനോജ് കുമാർ

സ്റ്റാഫ് സെക്രട്ടറി

ആശംസകൾ

നമ്മുടെ രാജ്യത്തെ കുട്ടികളുടെ ഏറ്റവും വലിയ ഐ സി ടി കൂട്ടായ്മയായി ലിറ്റിൽ കൈറ്റ്സ് ഇതിനകം വളർന്നു കഴിഞ്ഞിരിക്കുന്നു.അനിമേഷൻ,പ്രോഗ്രാമിംഗ്, ഗ്രാഫിക്സ് തുടങ്ങി വിവിധ മേഖലകളിൽ മികച്ച പരിശീലനം നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾക്കും ലിറ്റിൽകൈറ്റ്സ് വഴി ലഭ്യമാകുന്നു എന്നത് ഏറെ അഭിമാനകരമാണ്.അരോളി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ് ക്ലബ് ഒരുക്കുന്ന ഇ മാഗസിന് സർവ്വ വിധ ആശംസകളും നേരുന്നു.

ആശംസകളോടെ

എം മനോജ് കുമാർ

സ്റ്റാഫ് സെക്രട്ടറി





കേരളത്തിലെ പൊതു വിദ്യാലയങ്ങൾ ഹൈടെക്ക് വിദ്യാലയങ്ങളായി മറ്റ് സംസ്ഥാനങ്ങൾക്കു പോലും മാതൃകയായിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ലിറ്റിൽകൈറ്റ്സ് ക്ലബ് വിജയകരമായ രണ്ടാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ്.നമ്മുടെ രാജ്യത്തെ തന്നെ കുട്ടികളുടെ ഏറ്റവും വലിയ ഐ സി ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ ഭാഗമായി നമ്മുടെ വിദ്യാലയത്തിലും 25 അംഗങ്ങളുള്ള യൂനിറ്റ് പ്രവർത്തിച്ചു വരുന്നു .വിവരവിനിമയ സാങ്കേതിക വിദ്യയുടെ ഉയർച്ചയും വ്യാപ്തിയും ഏറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ വിദ്യാലയത്തിന് ലിറ്റിൽ കൈറ്റ്സ് ക്ലബ് വലിയൊരു അനുഗ്രഹം തന്നെയാണ് . നമ്മുടെ കുട്ടികൾക്ക് പരിശീലന കാലയളവിൽ വൈവിധ്യമാർന്ന പഠന പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നു പോകാനുള്ള അവസരമാണ് ലഭിക്കുന്നത്. സാങ്കേതിക രംഗത്തെ വിവിധമേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടാനുള്ള അവസരം നൽകിക്കൊണ്ട് ഓരോ കുട്ടിക്കും തനിക്ക് യോജിക മേഖലയോട് താത്പര്യം ജനിപ്പിക്കുന്ന തരത്തിലുള്ള അവസരം ഒരുക്കുന്നതിനാണ് വിവിധ വിഷയ മേഖലയിലെ പ്രായോഗിക പരിശീലനം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാഫിക്സ്, അനിമേഷൻ ,പൈതൺ പ്രോഗ്രാമിങ്ങ്, സ്ക്രാച്ച് പ്രോഗ്രാമിങ്ങ്, മൊബൈൽ ആപ്പ് നിർമാണം,ഹാർഡ് വെയർ, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, മലയാളം കമ്പ്യൂട്ടിങ്ങ്, ഡെസ്ക്ടോപ്പ് പബ്ലിഷിങ്ങ് എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.കൂടാതെ മികവ് പുലർത്തുന്നവർക്കായി സബ് ജില്ല, ജില്ല, സംസ്ഥാന തല ക്യാമ്പുകളിലായി കൂടുതൽ ഉയർന്ന പരിശീലനം ലഭിക്കുന്നതിനും പരിശീലന പദ്ധതി അവസരമൊരുക്കുന്നു. നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾക്കും പരിശീലനത്തിനു ശേഷം വിവരവിനിമയ സാങ്കേതിക വിദ്യയുടെ നൂതന ലോകത്ത് ശോഭിക്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു.

ചാരിതാർത്ഥ്യത്തോടെ

ഗിരിജ.കെ.വി

വിനയ എം.പി

(കൈറ്റ് മിസ്ട്രസ്സുമാർ )

## താളുകളിലൂടെ

അമ്മ....12
നല്ല കൂട്ടുകാരി....15
മൗനച്ചൂട്....17
പ്രാർത്ഥന....18
വിരൽത്തുമ്പിനാൽ....19
വിസ്മയം തേടുന്ന കൗമാരം....19
എന്റെ സ്വപ്നങ്ങൾ....22
പത്രം....23
BIRTH OF STAR....24
To My Mother....26
पिता....27
वसंत....28



# അമ്മ

ഞാനും നീയുമൊരു അമ്മ തൻ സന്താനം
പിരിയാനാവുമോ നമ്മുടെ അമ്മയെ...
പത്തുമാസം വയറ്റിൽ കൊണ്ടുനടന്നതിൽപ്പിന്നെ
ലോകം കാണിച്ച അമ്മ.
എല്ലാ ത്യാഗവും എല്ലാ വേദനയും
സഹിക്കുന്ന മക്കൾതൻ വളർച്ചയ്ക്കായ്
സ്നേഹവാത്സല്യം ചൊരിഞ്ഞു നമ്മെ
നമ്മളാക്കിയ അമ്മ
പിരിയാനാവുമോ നമ്മുടെ അമ്മയെ
'അമ്മ' എന്ന വാക്കിനെ
പിഞ്ചുകുഞ്ഞാദ്യം ചൊല്ലിടുന്ന
അമ്മയെന്ന ഒരൊറ്റവാക്ക്
ജീവനായ് കിട്ടിയ ഭാഗ്യമാണമ്മ
അമ്മയ്ക്കു പകരമായ് മറ്റെന്തീ ഭൂവിൽ...



# നല്ല കൂട്ടുകാരി

വീട്ടുജോലിക്കാരിയായിരുന്ന ഗ്രേസ്സിയുടെ മകളാണ് സൂസി.അച്ഛൻ ഒരു കാറപകടത്തിൽ മരിച്ചുപോയിരുന്നു.അതിനുശേഷമാണ്ഗ്രേസ്സി വീട്ടുപണിക്ക് പോയിത്തുടങ്ങിയത്.

സൂസിക്ക് ഇപ്പോൾ ആറ് വയസ്സായി . അടുത്തുള്ള സ്കൂളിൽ അവളെ ചേർത്തു. സ്കൂളിലെങ്കിലും അവൾക്ക് നല്ലൊരു കൂട്ട് ലഭിക്കുമെന്ന് അവൾ സ്വപ്നം കണ്ടു.അവളുടെ ജനനശേഷമാണ് അച്ഛൻ മരിച്ചത് എന്ന കാരണം കൊണ്ട് കുടുംബാംഗങ്ങൾ അകന്നുനിന്നു .അമ്മ മാത്രമാണ് അവളെ സ്നേഹിച്ചത് .

സ്കൂളിലെത്തിയപ്പോൾ അവളുടെ സ്വപ്നം തകർന്നുപോയി. വീട്ടുവേലക്കാരിയുടെ മകളുമായി കൂട്ടുകൂടാൻ ആരും വന്നില്ല .എങ്കിലും നന്നായി പഠിക്കുന്ന അവളെ അദ്ധ്യാപകർക്ക് വളരെ ഇഷ്ടമായിരുന്നു.

ആയിടയ്ക്ക് അവളുടെ ക്ലാസിൽ അമ്മു എന്ന കുട്ടിയെത്തി .വിലകൂടിയ സിൽക്കുടുപ്പുകൾ ഇട്ടുവരുന്ന അമ്മുവിനെ സൂസി ദൂരെ നിന്ന് നോക്കും. അമ്മുവിനോട് കൂട്ടുകൂടാൻ എല്ലാവരും മത്സരിച്ചു.പക്ഷേ അമ്മുവിൻെറ സംശയങ്ങൾ പലതും തീർത്തുകൊടുത്തിരുന്നത് സൂസിയാണ് .അവളെ അമ്മുവിനിഷ്ടമായി .അവിടെ സൂസിക്ക് കൂട്ടുകാരിയെ ലഭിച്ചു.

എന്നാൽ ഈ കൂട്ടുകെട്ട് ചിന്നവിന് തീരെ ഇഷ്ടമായില്ല. അവരെ അകറ്റാൻ എന്താണ് മാർഗം ചിന്ന ആലോചിച്ചു .ഒരു ദിവസം ചിന്ന അമ്മുവിൻെറ പുത്തൻ പേനയെടുത്ത് സൂസിയുടെ ബാഗിൽ ഒളിച്ചുവച്ചു.പേന കാണാതായതറിഞ്ഞു ടീച്ചർ എല്ലാവരുടെയും ബാഗ് പരിശോധിച്ചു .സൂസിയുടെ ബാഗിൽ നിന്നും പേന കണ്ടെടുത്തു. എല്ലാവരും അവളെ കള്ളി എന്ന് വിളിച്ചു .ടീച്ചർ അടി കൊടുത്തു . അവളെ വിശ്വസിച്ചില്ല .കരഞ്ഞുകൊണ്ടിരുന്ന സൂസിയുടെ ചുമലിൽ ആരോ കൈവച്ചു.സൂസി മുഖം ഉയർത്തി നോക്കി .അത് അമ്മു ആയിരുന്നു.അമ്മു പറഞ്ഞു 'ആര് എന്ത് പറഞ്ഞാലും എനിക്കറിയാം നീ തെറ്റ് ചെയ്തിട്ടില്ലെന്ന് ,ചതി പറ്റിയതാണെന്ന്.നീ എന്നും എൻെറ പ്രിയപ്പെട്ട കൂട്ടുകാരിയായിരിക്കും' .അതുകേട്ടപ്പോൾ അവൾ അമ്മുവിനെ കെട്ടിപ്പിടിച്ച് കരഞ്ഞു ,അമ്മുവും.

നന്ദനസതീശൻ



# മൗനച്ചൂട്

എന്തിനുമേതിനുമുറക്കെ  പ്രതികരിച്ചിരുന്ന
ഇപ്പോൾ
നിനക്കൊച്ചയില്ലനക്കമില്ലെല്ലെന്തു പറ്റി?
വാക്കുകൾക്കേറിയോ മൂർച്ച ?
വാക്കുകൾക്കർത്ഥഭംഗം വന്നുവോ ?
മൊഴിഞ്ഞവയെല്ലാം
തെറ്റിദ്ധരിക്കപ്പെട്ടുവോ ?
വാക്കാൽ ശത്രുക്കളേറിയോ?
വാക്കുകൾ പേടിച്ച് വിറച്ചൊതുങ്ങിക്കഴിയുന്നുവോ ?
തൊണ്ടയിലമർന്ന് തീരുന്നുവോ ?
പുറപ്പെടാനാകാതെ പൊലിയുന്നുവോ ?
പറയണമെന്നുണ്ടെന്നാൽ
പറയാൻ കഴിയുന്നില്ലല്ലോ
പറഞ്ഞുപോയാൽ
പലരും പലതും പറയുമെന്നതിനാൽ
പറയാതൊതുങ്ങിക്കഴിയുന്ന നീ
മൗനച്ചൂടിലുരുകുന്ന നീ
പക്ഷേ ,
മൗനവും വാക്കായ് മാറുന്ന
മൗനത്തിനും അർത്ഥതലങ്ങളേറെയെന്ന് താനേ പഠിക്കുന്നു

ഡോ. ജോളി എ ജെ
അധ്യാപിക



# പ്രാർത്ഥന

ഹേ!സർവ്വേശാ...നിൻ കാരുണ്യം
തീരം തഴുകിയ ഭാരം
ഒഴുകിപ്പടരും  പുഴയുടെ തീര-
ത്തൊരു മാമരമെൻ ജന്മം
എന്നുടെ കുളിർമയിലാഴ്ത്തി
ഉറച്ചു നിൽക്കാനായെനിക്കുതരണം  ശക്തി
ചുഴലിക്കാറ്റുവരുമ്പോൾ  ഞാൻ
തൊഴും തന്നിൽ പ്പോൻ നിന്നെ
മഴയും മഞ്ഞും പെയുമ്പോഴോ
മറന്നിരുന്നല്ലോ നിന്നെ..

അമൽരാജ്



# വിരൽത്തുമ്പിനാൽ

# വിസ്മയം തേടുന്ന കൗമാരം

സീനത്ത് ടി എൻ
അധ്യാപിക

കൗമാരം- സ്വപ്നങ്ങളാൽ സ്വർഗ്ഗം തീർക്കുന്ന സുന്ദരകാലം.ഒരു വ്യക്തിയുടെ വളർച്ചാഘട്ടങ്ങളിൽ സവിശേഷമായ ഒന്നാണിത്. ശാരീരികമായും മാനസീകമായും കുട്ടികളിൽ മാറ്റങ്ങളുടെ വേലിയേറ്റങ്ങൾ പ്രകടമാകുന്നത് ഈ പ്രായത്തിലാണ്. ഒരുപാട് ആശങ്കകളും ചിന്തകളും മനസ്സിൽ നിറയുന്ന കാലം. ഊർജ്ജ്വസ്വലരായി കാര്യങ്ങൾ ചെയ്യാനുള്ള കരുത്തും ഈ പ്രായത്തിൽ ആർജ്ജിക്കുന്നു.

പഠനഭാരം കൂടുമെങ്കിലും അതൊന്നും വകവയ്ക്കാതെ കൂട്ടുകാരുമായുള്ള സല്ലാപങ്ങളിലും വൈകുന്നേരങ്ങളിലെ വിനോദങ്ങളിലും ഉത്സാഹപൂർവ്വം ഓടിച്ചാടി നടന്നിരുന്ന കൗമാരകാലം നമുക്കൊക്കെ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ആ അവസ്ഥയൊക്കെ മാറി. പാടവരമ്പത്തും പുഴക്കരയിലുമൊക്കെ കിളികളോട് കിന്നാരം ചൊല്ലി മനോരാജ്യത്ത് വിഹരിച്ചിരുന്ന കൗമാരത്തെ ഇന്ന് കാണാനില്ല. അവരൊക്കെയും നാല് ചുമരുകൾക്കുള്ളിൽ ഒതുങ്ങിക്കൂടി. ഈ വിശാലലോകത്തെ വിസ്മയങ്ങൾ
വിരൽത്തുമ്പിനാൽ കണ്ടുകൊണ്ടിരിക്കുകയാണ് അവരിന്ന് . ജീവിക്കുന്നത് സൈബർ ലോകത്തെ മായിക വലയത്തിനുള്ളിലാണ്. പിന്നെ ചുറ്റുമുള്ളതൊന്നും അവർ കാണുന്നില്ല. അറിയുന്നില്ല .

ഒരു കാലത്ത് പഠനമെന്നാൽ പുസ്തകങ്ങളും അധ്യാപകർ നൽകുന്ന അറിവുകളിൽ ഒതുങ്ങുന്നതുമായിരുന്നു. എന്നാൽ ഇത് ആ പഴയ കാലമല്ല. വിദ്യാഭ്യാസ രീതി പുതിയ സാങ്കേതിക വിദ്യയുടെ പ്രാധാന്യം വർദ്ധിപ്പിച്ചിരിക്കുകയാണ്. പഠനം പാഠപുസ്തകങ്ങളിൽ ഒതുക്കാതെ വിശാലമായ ലോകത്തു നിന്നും അരിച്ചെടുത്ത് സ്വായത്തമാക്കേണ്ട അവസ്ഥ വന്നിരിക്കുകയാണ്. ഇവിടെ അധ്യാപകർ വഴികാട്ടികളോ സഹപാഠികളോ  ആയി മാറുന്നു. അങ്ങനെ വിവരസാങ്കേതിക വിദ്യകൾ ഉപയോഗിക്കാൻ തുടങ്ങിയതോടെ കമ്പ്യൂട്ടറും മൊബൈൽ ഫോണുമെല്ലാം കുട്ടികൾക്കിടയിൽ സുപരിചിതമായിത്തീർന്നു. ഇത് സങ്കീർണ്ണമായ പ്രശ്നത്തിലേക്ക് വഴി തെളിയിക്കുകയാണ്.

സൈബർ ലോകത്തിന്റെ  അനന്ത ഗർത്തങ്ങളിലേക്ക്  സ്വതന്ത്രമായി വിഹരിക്കുവാനുള്ള അവസരം മാതാപിതാക്കൾ തന്നെ ഒരുക്കിക്കൊടുത്തു. തങ്ങളുടെ മക്കൾക്ക് ഒന്നിലും കുറവ് വരുത്തരുതെന്ന അതിമോഹമാവാം അതിന് കാരണം. സ്നേഹവും സുരക്ഷിതതത്വവും നൽകി മക്കളെ തങ്ങളിലേക്ക് അടുപ്പിക്കേണ്ടതിന് പകരം എല്ലാ സുഖ സൗകര്യങ്ങളും നൽകി അവരെ മാറ്റി നിർത്തിക്കാൻ മാതാപിതാക്കൾ ശ്രമിക്കുന്നു. തിരക്കുപിടിച്ച ഈ  ജീവിതത്തിൽ അണുകുടുംബങ്ങളിലെ കുട്ടികൾ തീർത്തും ഒറ്റപ്പെടുന്നു. ഈയൊരു അവസരത്തിൽ വിജ്ഞാനത്തിനുള്ള ഉറവിടം എന്ന അർത്ഥം മാറി തനിക്ക് വേണ്ടതെല്ലാം തേടി അലയാനുള്ള പുതിയ മേച്ചിൽപുറങ്ങളായി നവമാധ്യമങ്ങൾ മാറിയിരിക്കുകയാണ് ഇവയിലൂടെ നേരിട്ട് പരിചയമില്ലാത്ത ഒരു പാട് സുഹൃത്തുക്കളെ സമ്പാദിക്കുന്നു. പുതിയ ബന്ധങ്ങൾ ഉടലെടുക്കുന്നു. അങ്ങനെ ചാറ്റിങ്ങിലൂടെയും ഷെയറിങ്ങിലൂടെയും തന്റെ സ്വകാര്യതകളെല്ലാം അവർ കൈമാറുന്നു. ഒടുവിൽ എല്ലാം നഷ്ടപ്പെട്ട ആത്മഹത്യയിൽ എല്ലാം അവസാനിപ്പിക്കുകയോ മാനസികാരോഗ്യകേന്ദ്രത്തിൽ അഭയം പ്രാപിക്കുകയോ ചെയ്യേണ്ട അവസ്ഥയിലേക്ക് നമ്മുടെ കുട്ടികൾഎത്തിച്ചേർന്നിരിക്കുന്നു.എവിടെയാണ് നമുക്ക് തെറ്റ് പറ്റിയത് ? വീട്ടിനു ചുറ്റും വലിയൊരു മതിൽകെട്ടി വേണ്ട സുഖങ്ങൾ നൽകി കുട്ടികളെ അതിനുള്ളിൽ തളച്ചിട്ടപ്പോൾ നമ്മൾ അറഞ്ഞില്ല ഈ മതിൽക്കെട്ടുകൾ തകർത്ത് പുതിയ ലോകം തേടി അലയാനുള്ള വഴികൾ അവരുടെ വിരൽത്തുമ്പിൽ ഉണ്ടെന്ന് .എന്റെ മകനെ

ഇന്റർനെറ്റ് ഞാൻ അനുവദിക്കാറില്ല എന്ന വീരവാദം വേണ്ട.
വിജ്ഞാന വിസ്ഫോടനത്തിന്റെ ഈ കാലത്ത്  അറിവിന്റെ പുതിയ
ഉറവിടങ്ങളാണ് ഇത്തരം മാധ്യമങ്ങൾ. അവയുടെ ഉപയോഗം തടയാവുന്നതേ അല്ല.
പകരം അവ ഗുണകരമായി
ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുകയാണ് വേണ്ടത്.
മുഴുവൻ സമയവും കമ്പ്യൂട്ടറുനും മൊബൈൽ ഫോണിനും മുന്നിൽ
ചെലവഴിക്കുന്ന കൗമാരത്തെയല്ലെ നാളേക്കാവശ്യം. ഏത്
ദുരന്തത്തിനിടയിലും സെൽഫിക്ക് പോസ് ചെയ്യാൻ ധൃതികൂട്ടുന്ന
ഈ തലമുറ നാളെ നാം മരിച്ചുകിടന്നാലും അതിന് മത്സരിക്കില്ല
എന്നതിന് എന്തുറപ്പാണുള്ളത്. ആ സ്ഥിതിവിശേഷം മാറണം
തനിക്ക് ചുറ്റുമുള്ള പ്രശ്നങ്ങളെ വീക്ഷിക്കാനും അവയോട് പ്രതികരിക്കാനും നമ്മുടെ
കുട്ടികൾക്കാവണം . ആരെങ്കിലും പോസ്റ്റ് ചെയ്ത ചിത്രത്തിന് താഴെ ലൈക്കും
കമന്റുമടിച്ചാൽ
തീരുന്നതല്ല ഈ പ്രതികരണം . മറിച്ച് എല്ലാ വേലിക്കെട്ടുകളും
തകർത്ത് തന്റെ മുന്നിലുള്ള പച്ചയായ ജീവിതത്തിലേക്ക്
ഇറങ്ങിച്ചെല്ലാൻ കഴിയണം . അതെ നമ്മുടെ കുട്ടി നേരിട്ടറിയട്ടെ
ആസ്വദിക്കട്ടെ ഈ പ്രകൃതിയെ ഇതിന്റെ കാറ്റും വെളിച്ചവും കിട്ടി
അവർ വളരട്ടെ . ഇതിന്റെ താങ്ങായി മാതാപിതാക്കൾ കൂടെ
ഉണ്ടാവണം. എന്നാൽ ഒരു സൈബർവലയ്ക്കും ഇവരെ കുരുക്കാനാവില്ല . പുതിയ
ബന്ധങ്ങൾ തേടി അവർ അലയുകയണ് . അങ്ങനെ അറിവിന്റെ ലോകത്ത്
വഴിവിളക്കായി
അനുനയിക്കാൻ സമൂഹത്തിന് കഴിയേണ്ടതായിട്ടുണ്ട് .



# എന്റെ സ്വപ്നങ്ങൾ

ഞാൻ ഒരു പുഴയാണ്
വറ്റി വരണ്ട ആയിരം നാവിൽ
തെളിനീർ നൽകിയ പുഴയാണ്
എങ്കിലും ഇന്നെന്തേ എന്നിൽ മാലിന്യം?
ക്ഷീണിതനെ ഉന്മേഷവാനാക്കിയ പുഴയാണ്
എങ്കിലും ഇന്നെന്തേ ക്ഷീണിതൻ ഞാൻ?
വറ്റിവരണ്ടു കീറിയ മണ്ണിന്നു തണ-
പ്പേകി ഉല്ളം നിറച്ച പുഴയാണ്
എങ്കിലും ഇന്നെന്തേ ഞാൻ വരണ്ടു?
താപത്തെ കൈമാറ്റും പുഴയാണ്
എന്നിട്ടും ഇന്ന് താപം അസഹ്യം
തിന്മകളെ കടലിലൊഴുക്കി
തെണിനീർ സംഭരിച്ച പുഴയാണ്
എങ്കിലും ഇന്നെന്നിൽ തിന്മകൾ മാത്രം
മർത്ത്യാ നിനക്കു ഞാനെല്ലാം ഏകിയില്ലേ?
എന്നിട്ടുമെനിക്കിന്ന് വേദനകൾ മാത്രമോ?
ഈ പ്രപഞ്ചമെന്തേ ഇത്രയും മാറാൻ?
മനുഷ്യരെന്തേ ക്രൂരരായി?
എനിക്കിനി സാധ്യമോ ശകലം
തെളിനീർ നല്കാൻ
എന്നാഗ്രഹം നിറവേറ്റാൻ.....

അബിന
9C



# പത്രം

കൃത്യം ആറുമണിക്കെത്തും
പത്രം വീട്ടിൽ പതിവായി
പത്രം വന്നാലെല്ലാരും
പത്രത്തേൽ പിടിവലികൂട്ടം
അച്ഛനു വായിച്ചറിയേണം
രാഷ്ട്രീയക്കളി ചൂടോടെ
അമ്മയ്ക്കുടനെ അറിയേണം
പൊന്നിൻ വിലയും അരിവിലയും
ചേട്ടനു സിനിമേം ക്രിക്കറ്റും
ഹരമാണുടനെ നോക്കേണം
കുഞ്ഞി  കുട്ടന് പെട്ടെന്ന്
ചിത്രം നോക്കാൻ കിട്ടേണം

അമൽരാജ്



## BIRTH OF STAR

The diamond dust shining in the sky at night. All the humanbeings and animals who done to see the dust.

Formed a million year ago, hey star you too have birth, you too live like us.

You are living an infinite kilometer away from mother earth, every being in the world think to come to you and stay with you.

Small children want to touch you but they don’t know you are not a diamond but you are a fire ball.
You became a model for science ,you live on christmas tree in December and form in the shape of animals. We don’t know how you look like but we gave you shape.

One thing star, when the world end, you would not, you would see us dying in fire.
You are the most wonderful creation in the universe.

HARY KARTHIK



## To My Mother

The person whom I love the most
Since I was a kid
The face that I saw
When I was born
The one who told me what
Is right and what is wrong
The one who corrected me with
Love when I was wrong
How many births should I need
TO pay back my debt,
My dear mother?

Nandana satheesan



# पिता

सबको एक पिता है
लेकिन मुझे नही ।
हर बच्चों को पिता का प्यार मिलता है ।
पर मुझे नही ।
पिता के बिना अधूरा है  मेरा जीवन
लेकिन हारूँगा नहीं ।
पिता की याद आने से मुझे दुख होता है
पर मैं रोऊँगा नहीं ।
क्योंकि मेरे साथ मेरी माँ है ।
जो हर दुख छिपाके  देखभाल करती है
मुझे अपनी माँ ही सबकुछ है ।
पिता के बिना माँ ही सबकुछ है
माँ ही सबकुछ है ।

अभिषेक

# वसंत

पसंद है हमको सभी ऋतुएँ
लाया है परिवर्तन जीवन में
खुशियों की एक ऋतु है उनमें
उल्लास की महक है उसमें
जानते हो कौनसी है यह ऋतु?
हाँ, वसंत है नाम उसका
ली है खुशियाँ सब पर
फैलाती है सुंदरता प्रकृति में
आए है नवजीवन
मुरझाए हुए पौधों में
मुसकुराते है वह हमे देखकर
हरियाली ही हरियाली है
गाती है चिडियाँ खुशी का गीत
आनंदित कर देती कानों को
फूल फूल से फैलाती है महक
नाचती है सब प्राणी मिलजुलकर
उल्लास की ऋतु है वह
लाम है उसका वसंत

नंदना सतीशन